പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5131** **28.10.2016** -ൽ മറുപടിക്ക്

## 'പഴശ്ശിരാജയുടെ കൊട്ടാരം'

ചോദ്യം

ഡോ.എൻ.ജയരാജ്

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | 'പഴശ്ശിരാജയുടെ കൊട്ടാരം' സംരക്ഷിക്കുന്നതിന് എന്ത് പദ്ധതിയാണ് നിലവിലുള്ളത് ; പ്രസ്തുത കൊട്ടാരം ഇപ്പോൾ ആരുടെ കൈവശമാണുള്ളത്; വ്യക്തമാക്കാമോ ; | (എ) | കണ്ണൂർ ജില്ലയിലെ പഴശ്ശി വില്ലേജിൽ സ്ഥിതി ചെയ്യുന്ന പഴശ്ശി കോവിലകം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ല. പ്രസ്തുത കോവിലകം 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിക്കേണ്ടതാണോ എന്ന വിഷയം പരിശോധിച്ചുവരുന്നു. പ്രസ്തുത കോവിലകത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച ആധികാരിക രേഖകൾ വകുപ്പിന്റെ പക്കൽ ലഭ്യമല്ല. |
| (ബി) | കൊട്ടാരം വിൽക്കുന്നതിനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഴശ്ശികോവിലകം 1968 ലെ നിയമപ്രകാരം സംരക്ഷിക്കപ്പെടേണ്ടതാണോയെന്ന് പരിശോധിച്ച ശേഷം ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ